# തുള്ളൽ

(എൻ. വി. കൃഷ്ണവാരിയർ.)

നമ്മുടെ മഹത്തായ തുള്ളൽസ്സാഹിത്യത്തിൽ ഭൂരിഭാഗത്തിന്റേയും നിർമ്മാതാവും, തുള്ളലെന്ന കലാരൂപത്തിന്റെ ആവിഷ്കർത്താവുമായ കലക്കത്തു കുഞ്ചൻനമ്പ്യാരെപ്പററി നന്നെ കുറച്ചേ നമുക്കറിവുള്ളു. കൊല്ലം 880_ന്നടുത്താണദ്ദേഹത്തിന്റെ ജനനമെന്നു ശ്രീ. പി. ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ അഭിപ്രായത്തിൽ നമ്പ്യാരുടെ ജനനം ഒരു ഇരുപതുവർഷങ്ങൾകൂടി കഴിഞ്ഞാണ്. രണ്ടുപേരുടേയും പ്രമാണം കേട്ടുകേൾവിമാത്രം. തെക്കെ മലബാറിൽ വള്ളുവനാട്ടുതാലൂക്കിലുള്ള കിള്ളിക്കുറിശ്ശിമംഗലത്താണ് നമ്പ്യാരുടെ തറവാട്. അദ്ദേഹം ചമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായിരുന്നിട്ടുണ്ട്. കൊല്ലം 929_ൽ മാർത്താണ്ഡവർമ്മ അമ്പലപ്പുഴ രാജ്യം വെട്ടിപ്പിടിച്ചപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തേക്കുപോയി. മാർത്താണ്ഡവർമ്മയുടേയും അദ്ദേഹത്തിന്റെ പിൻഗാമിയായ കാർത്തികതിരുനാൾ രാമവർമ്മയുടേയും ആശ്രിതനായും അദ്ദേഹം ഇരുന്നിട്ടുണ്ട്. കൊല്ലവർഷം 945_ലോ അതിന്നടുത്തോ അദ്ദേഹം മരിച്ചുവെന്നു ശ്രീ ഗോവിന്ദപ്പിള്ള പ്രസ്താവിക്കുന്നു. സംസ്കൃതത്തിലും പ്രാകൃതത്തിലും മലയാളത്തിലും പല ഗ്രന്ഥങ്ങളുടേയും നിർമ്മാതാവും, അമ്പലപ്പുഴ-വെട്ടം-കൊച്ചി-തിരുവിതാംകൂർ രാജാക്കന്മാരുടേയും പാലിയത്തച്ഛന്റെയും ആശ്രിതനുമായിരുന്ന പ്രസിദ്ധനായ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാൾതന്നെയെന്നു മഹാകവി ഉള്ളൂർ, ഡോക്ടർ എൽ. എ. രവിവർമ്മ, ആർ. നാരായണപ്പണിക്കർ മുതലായവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായത്തെ എതിർത്തിട്ടുള്ളവരും കുറവല്ല.

തൊണ്ണൂറോളം കൃതികൾ നമ്പ്യാരുടെ പേരിൽ പതിഞ്ഞു കാണാനുണ്ട്. ഇവയിൽ എഴുപതോളം തുള്ളൽപ്പാട്ടുകളാണ്. നമ്പ്യാരുടെ കാലത്തിന്നുമുമ്പുണ്ടായതായി പറയപ്പെടുന്ന ഒരു തുള്ളൽ ഈയിടെ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധംചെയ്തിരുന്നു. നമ്പ്യാരുടെ കാലത്തിന്നുശേഷം, ഏതാണ്ടീയിടെവരെ പല മികച്ച കവികളും ഈ പ്രസ്ഥാനത്തിലേക്കു തങ്ങളുടെ വരി കൊടുത്തിട്ടുണ്ട്. എന്നാൽ, കാലം തെററിപ്പിറന്നതുകൊണ്ടാവാം അവയിൽച്ചിലതിന്നു മാത്രമേ സാഹിത്യത്തിലും, തുള്ളൽക്കാർക്കിടയിലും സ്ഥാനം ലഭിച്ചിട്ടുള്ളു.

കൊല്ലം 918_ാമാണ്ടിന്നു മുമ്പുതന്നെ തുള്ളൽ എന്ന കലാരൂപത്തിന്നു കേരളത്തിൽ നല്ല പ്രചാരം ലഭിച്ചതിന്നു തെളിവുകളുണ്ട്. വേഷത്തിന്റെയും, വൃത്തങ്ങളുടേയും, നൃത്തരീതിയുടേയും വ്യത്യാസം ആസ്പദമാക്കി തുള്ളലിനെ ഓട്ടൻ, ശീതങ്കൻ, പറയൻ എന്നു മൂന്നായി തരംതിരിച്ചിരിക്കുന്നു. തുള്ളൽ എന്ന വാക്കിന്നു നൃത്തം എന്നേ അർത്ഥമുള്ളു. കഥകളി നൃത്തത്തെപ്പററി പറയാൻ ഉപയോഗിച്ചിരുന്ന "ആട്ടം" എന്ന വാ

ക്കിന്നെതിരായിട്ടാവണം "തുള്ളൽ" എന്ന വാക്കുപയോഗിച്ചുതുടങ്ങിയത്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ പേരുകളുടെ ആഗമത്തെപ്പററി കൃത്യമായൊന്നും പറഞ്ഞുകൂട. "പറയൻ തുള്ളൽ" ഒരു പറയൻ തുള്ളിപ്പറയുന്നതാണെന്നത്രേ സങ്കല്പം. "പാക്കനാരുടെ വംശമാകിയ പാല്ക്കടലുപിറന്ന" ഒരാളാണ് ഈ പറയൻ. "ഓട്ടൻ"എന്ന വാക്ക് നമ്പ്യാർ തന്നെ ഒരിടത്ത് ഉപയോഗിച്ചിട്ടുള്ളതു ദൂതൻ എന്ന് അർത്ഥത്തിലാകുന്നു. ആ അർത്ഥത്തിൽ വാക്കിന്ന് ഈ നൃത്യഭേദത്തിന്റെ പേരിൽ പ്രസക്തിയുള്ളതായിത്തോന്നുന്നില്ല. വാസ്തവത്തിൽ 'ഓട്ടൻ' തുള്ളൽ 'ഓടിയ്ക്കാനുള്ള', 'ഓടിയ്ക്കുന്ന', തുള്ളലായിരിയ്ക്കണം. ഓടിയ്ക്കുക എന്ന അർത്ഥത്തിൽ ഓട്ടുക എന്നു പറയാറുണ്ട്; പ്രത്യേകിച്ചും തെക്കോട്ടു തെക്കോട്ട്. മദ്ധ്യതിരുവിതാംകൂറിലെ കണിയാന്മാരുടെ 'കോലംതുള്ളൽ' എന്ന മാന്ത്രികനൃത്തങ്ങളിൽ 'ഓട്ടംതുള്ളൽ' എന്ന ഒരിനമുണ്ട്. ഭൂതത്തെ ഓടിയ്ക്കുന്ന തുള്ളൽ എന്നാവണം ആ വാക്കിന്നർത്ഥം. കോലം തുള്ളലിലെ "ഐശ്വര്യഗന്ധർവ്വ"ന്റെ വേഷമാണ് ഓട്ടംതുള്ളല്ക്കാരന്റേത്. അതിനാൽ കണിയാന്മാരുടെ ഓട്ടംതുള്ളലിന്റെ ഭൂതോച്ചാടനനൃത്തത്തിന്റെ—അനുകരണമായിരിയ്ക്കണം ഓട്ടംതുള്ളൽ. പേരും വേഷവും ഈ ആഭിചാരനൃത്തത്തിൽനിന്നെടുത്തു അതിന്നൊരു പുതിയ ഉള്ളടക്കം കൊടുക്കുകയാണ് നമ്പ്യാർ ചെയ്തത്. യഥാർത്ഥത്തിൽ ഏതു രാജ്യത്തും പ്രതിഭാശാലികളും 'പധികൃത്തു'കളുമായ കവികൾ ചെയ്യാറുള്ളതാണല്ലോ. കണിയാർ നൃത്തങ്ങളെ അനുകരിച്ചു ഓട്ടന്തുള്ളലുണ്ടായതുപോലെ പറയന്മാരുടെ അർദ്ധമാന്ത്രികങ്ങളും അർദ്ധവിനോദപരങ്ങളുമായ നൃത്തങ്ങളെത്തുടർന്നു പറയന്തുള്ളലുമുണ്ടായി. "ശീതങ്കനോ?" കുട്ടനാട്ടിലെ—അമ്പലപ്പുഴ അവിടെയാണല്ലോ—പുലയർക്കിടയിൽ ഇപ്പോഴും ശീതങ്കൻ എന്ന പേർ, കോരൻ ചാത്തൻ മുതലായ പേരുകൾപോലെ സാധാരണമത്രേ. ശീതങ്കൻ തുള്ളലിന്റെ കുരുത്തോല വേഷം പുലയരുടെ ചില മതനൃത്തങ്ങളിലെ വേഷത്തെ അനുസ്മരിപ്പിയ്ക്കുന്നു. മരിച്ചുപോയൊരു 'ശീതങ്കൻ' പുലയന്റെ പ്രീതിയ്ക്കുവേണ്ടി മററു പുലയർ നടത്തിയിരുന്ന 'ശീതങ്കൻ തുള്ളൽ' നമ്പ്യാർ അമ്പലപ്പുഴയോ തകഴിയോവെച്ചു കണ്ടിരിയ്ക്കണം. അതിനെ അനുകരിച്ചു തന്റെ ആദ്യകൃതിയെന്നറിയപ്പെടുന്ന "കല്യാണസൌഗന്ധികം" നിർമ്മിച്ചു തുള്ളിയുമിരിയ്ക്കണം. ഏതായാലും നാടൻ മാന്ത്രികാരാധനാവിനോദനൃത്തങ്ങൾ പരിഷ്കരിച്ചുണ്ടാക്കിയതാണ് ഈ കലാരൂപങ്ങളെന്നതിന്നു യാതൊരു സംശയവുമില്ല. ഈ നാടൻ നൃത്തങ്ങളുടെ തൊണ്ടിൽ മികവുററ സാഹിത്യമധു നിറയ്ക്കുകയും, കഥകളിയിൽനിന്നോ കൂടിയാട്ടത്തിൽനിന്നോ എടുത്ത കൈമുദ്രകളും അഭിനയവും മേമ്പൊടിയായി ചേർക്കുകയും ചെയ്തപ്പോൾ, കേരളീയർക്കാകെ ആസ്വാദ്യമായൊരു പാനീയമായി അത്. രണ്ടരനൂററാണ്ടോളം നമ്മുടെ ജനത, പണ്ഡിതപാമരഭേദമെന്യെ, ഈ മാദകമായ പാനീയത്തിന്റെ ലഹരിയിൽ മയങ്ങിയാടുകയും ചെയ്തു.

തുള്ളലെന്ന കലാരൂപത്തെസ്സംബന്ധിച്ചിടത്തോളം മാത്രമല്ല,

കുഞ്ചൻനമ്പ്യാർ "മോഷണം" നടത്തിയത് തുള്ളലിന്റെ സാഹിത്യത്തിലും ഒട്ടവളരേയും "മോഷണം"തന്നെയാകുന്നു. തുള്ളലിലെ നായാട്ടുഭാഗങ്ങൾ (അവയാണല്ലൊ നമ്പ്യാരുടെ തമാശകളുടെ ഒരു വററാത്ത ഉറവ്) ഗ്രാമീണരുടെ, പ്രത്യേകിച്ച 'താഴ്ന്ന' ജാതിക്കാരുടെ, നാടൻ വിനോദകലകളിലുപയോഗിച്ചുപോന്ന,ഇപ്പോഴും ഉപയോഗിച്ചുവരുന്ന,നായാട്ടുപാട്ടുകൾ പരിഷ്കരിച്ചതുമാത്രമാണ്. സത്യവർണ്ണനങ്ങളും ഖഡ്ഗവർണ്ണനങ്ങളും അങ്ങിനെതന്നെ. ഏഴാമത്തി മുതലായ ഗ്രാമീണപ്പൊറാട്ടു നാടകങ്ങളിൽപ്പറയാറുള്ളവയാണ് നമ്പ്യാരുടെ മിക്ക പുറംകഥകളും. കൂത്തിനോടും, പാഠകത്തോടും നമ്പ്യാൎക്കുള്ള കടപ്പാട് പരക്കെ അറിവുള്ളതാണല്ലൊ. എന്നുവെച്ച് നമ്പ്യാരെ ബഹുമാനിയ്ക്കാതിരിയ്ക്കേണ്ട. നിങ്ങളോരോരുത്തരും ചവിട്ടിനില്ക്കുന്ന ഒരടിമണ്ണിൽ പൊന്നുണ്ട്,ഇരുമ്പുണ്ട്,അലൂമിനീയമുണ്ട്, വേറെയും അനവധി ലോഹങ്ങളുണ്ട്. എന്നുവെച്ച്, അവ വേർതിരിച്ചെടുത്തു ശുദ്ധീകരിച്ച ഉപകരണങ്ങളോ ആഭരണങ്ങളോ ബിംബങ്ങളോ ആക്കി നിങ്ങൾക്ക സമൎപ്പിയ്ക്കുന്നവരെ അപഹരണക്കാരായല്ലല്ലോ നിങ്ങൾ കണക്കാക്കുക.

തുള്ളൽക്കലയും തുള്ളൽസ്സാഹിത്യവും കേരളീയ സമുദായത്തിൽ വിറവേററിയിരുന്ന സ്ഥാനം ഈ ചുരുങ്ങിയ സമയപരിധിയിൽ വിശദമാക്കുക പ്രയാസമാണ്. ഒരു ജനതയെ വിനോദശീലരുംപ്രസാദാത്മകരുമാക്കിശതാബ്ദങ്ങളിലൂടെനിലനിൎത്തുക എന്നത് ചില്ലറക്കാൎയ്യമൊന്നുമല്ല. കുഞ്ചൻനമ്പ്യാരുടെ ഫലിതം അസംസ്കൃതമായിപ്പോയി എന്നാക്ഷേപിയ്ക്കുന്നവർ, സംസ്കാരത്തെ ഏതാനും ചിലൎക്ക മാത്രമായി സ്ഹേടം ചെയ്തു സൂക്ഷിയ്ക്കുന്നവരാണ്. രാഷ്ട്രീയസാമൂഹ്യാധഃപതനങ്ങളുടെവീൎപ്പുമുട്ടിയ്ക്കുന്ന അന്തരീക്ഷത്തിൽ വൎദ്ധമാനങ്ങളായ ജീവിതക്ലേശങ്ങളാൽ ഞെരുങ്ങിപ്പുലൎന്നിരുന്ന ഒരു ജനതയെ ഇടയ്ക്കിടയ്ക്കു പൊട്ടിച്ചിരിപ്പിക്കുവാൻ കഴിഞ്ഞ കുഞ്ചനെ സാമൂഹ്യസംസ്കാരചരിത്രകാരൻ ഒരിയ്ക്കലും വിസ്മരിയ്ക്കുകയില്ല. വിനോദശീലം നിലനിൎത്തിയതോടൊപ്പം, നല്ല ശുദ്ധമായ സാഹിത്യവാസനയും കുഞ്ചൻ "ഭടജനങ്ങളുടെ നടുവിൽ" പരത്തിവിട്ടു. ഹൈന്ദവപുരാണേതിഹാസസംസ്കാരം കേരളീയൎക്കിടയിൽ അടുത്തകാലംവരെ സജീവമായി നിലനിന്നുവന്നതിന്റെ ഉത്തരവാദിത്വവും, ആൎക്കാനുമുണ്ടെങ്കിൽ, നമ്പ്യാൎക്കാണ്.

മലയാളത്തിലെ വൃത്തങ്ങളെപ്പററി അധ്യയനം ചെയ്തുകൊണ്ടിരുന്നപ്പോഴാണ് തുള്ളലുകളുടെ സമ്പന്നത കണ്ട് ഞാനമ്പരന്നുപോയത്. ഇരുപത്തിനാലിലധികം വിഭിന്ന വൃത്തങ്ങൾ—ഇവയോരോന്നിലും വളരെയധികം ഉപവിഭാഗങ്ങളുമുണ്ട്—തുള്ളൽപ്പാട്ടുകളിൽ ഉപയോഗിച്ചിരിയ്ക്കുന്നു. ഇത്ര വൃത്തവൈചിത്ര്യം മലയാളത്തിലെ മറെറാരു സാഹിത്യശാഖയിലുമില്ല. രാമചരിതത്തിൽ പതിനാറ വൃത്തങ്ങളേ ഉള്ളു; നിരണം കവിതകളിൽ അഞ്ചു വൃത്തങ്ങൾ; എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ മൂന്നും!